# ആഗോളതലത്തില് യഹൂദര് ഒറ്റപ്പെടുന്നു

ന്യൂയോര്ക്ക്: ആന്റി സെമിറ്റിസം അഥവാ യഹൂദന്മാര്ക്കെതിരെയുള്ള ജനവികാരം ലോകത്തെമ്പാടും വീണ്ടും വളര്ന്നുവരുന്നതായി റിപ്പോര്ട്ട്. പലസ്തീന് അറബ് വംശജര്ക്കെതിരെ ഇസ്രായേല് നടത്തുന്ന നീക്കങ്ങളില് പ്രതിഷേധിച്ച് ആഗോള ഇസ്ലാം മതവിശ്വാസികളുടെ ഇടയില് യഹൂദനെതിരെയുള്ള ജനരോഷം വര്ഷങ്ങളായി നിലനില്പ്പുണ്ടെങ്കിലും ഇവര്ക്കൊപ്പം അടുത്തിടെയായി യൂറോപ്പിലും അമേരിക്കയിലും യഹൂദവിരോധം വീണ്ടും വേഗത്തില് വളര്ന്നുവരുന്നതായാണ് റിപ്പോര്ട്ടുകള് സൂചിപ്പിക്കുന്നത്.

ഇസ്രായേലി ഭരണകൂടത്തിനെതിരെയുള്ള എല്ലാ പ്രതിഷേധപരിപാടികളും ജൂതന്മാരെ കേന്ദ്രീകരിച്ചുള്ള അക്രമമായി മാറുന്നത് ലോകത്തിന്റെ പലഭാഗത്തും പതിവായിരിക്കുകയാണ്. മോറോക്കോയില് ഇസ്രായേല് വിരുദ്ധപ്രതിഷേധപരിപാടികളുടെ ഭാഗമായി അക്രമികള് ജൂതന്മാരുടെ പല സ്ഥാപനങ്ങളും അഗ്നിക്കിരയാക്കിയിരുന്നു. മോറോക്കോയ്ക്ക് പുറമെ ഫ്രാന്സിന്റെ തലസ്ഥാനമായ പാരീസിലും യഹൂദന്മാര് നടത്തുന്ന കച്ചവടസ്ഥാപനങ്ങള്ക്ക് നേരെയും യഹൂദ സ്കൂളിന് നേരെയും നാസി-സ്വാസ്തിക്ക് അനുകൂല സംഘടനകള് അടുത്തിടെ ആക്രമണം നടത്തുകയുണ്ടായി .കൂടാതെ ജര്മിനിയിലെ സ്ട്രാസ്ബര്ഗില് നിരവധി ജൂതശവകല്ലറകളും ആക്രമികള് തകര്ത്തു.

ഇസ്രായേല് പലസ്തീന്കാര്ക്ക് വിട്ടുകൊടുത്ത് യഹൂദന്മാര് ഇസ്രായേല് വിട്ട് ജര്മനിയിലേക്കും പോളണ്ടിലേക്കും മടങ്ങിപോകണമെന്ന തരത്തില് യഹൂദവിരുദ്ധസന്ദേശങ്ങള് അമേരിക്കയില് പലയിടത്തും പ്രചരിക്കുന്നതായും റിപ്പോര്ട്ടുണ്ട്.